سورة القيامة

75. സൂറതുൽ ക്വിയാമഃ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 40 - വിഭാഗം (റുകൂഉ്) 2

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

لَآ أُقۡسِمُ بِيَوۡمِ ٱلۡقِيَٰمَةِ ﴿١﴾

﴾1﴿ 'ക്വിയാമത്ത്' നാൾ [ഉയിർത്തെഴുന്നേൽപിന്റെ ദിവസം] കൊണ്ട് ഞാൻ സത്യം ചെയ്തുപറയുന്നു;-

وَلَآ أُقۡسِمُ بِٱلنَّفۡسِ ٱللَّوَّامَةِ ﴿٢﴾

﴾2﴿ ആക്ഷേപക്കാരിയായ ആത്മാവിനെ (അഥവാ മനസ്സിനെ)ക്കൊണ്ടും ഞാൻ സത്യം ചെയ്തു പറയുന്നു:

أَيَحۡسَبُ ٱلۡإِنسَٰنُ أَلَّن نَّجۡمَعَ عِظَامَهُۥ ﴿٣﴾

﴾3﴿ മനുഷ്യൻ ഗണിച്ചുകൊണ്ടിരിക്കുന്നുവോ, അവന്റെ എല്ലുകളെ നാം ഒരുമിച്ചുകൂട്ടുന്നതേയല്ല എന്ന്?!

بَلَىٰ قَٰدِرِينَ عَلَىٰٓ أَن نُّسَوِّيَ بَنَانَهُۥ ﴿٤﴾

﴾4﴿ ഇല്ലാതേ! അവന്റെ വിരൽതലപ്പുകളെ (പ്പോലും) ശരിപ്പെടുത്തുവാൻ കഴിവുള്ളവരായിക്കൊണ്ട് (നാമത് ചെയ്യും).

﴾1﴿ لَآ أُقۡسِمُ ഞാൻ സത്യം ചെയ്തു പറയുന്നു بِيَوۡمِ ٱلۡقِيَٰمَةِ കിയാമത്തുനാളിനെക്കൊണ്ട് ﴾2﴿ وَلَآ أُقۡسِمُ സത്യം ചെയ്തു പറയുകയും ചെയ്യുന്നു بِٱلنَّفۡسِ ആത്മാവിനെ (മനസ്സിനെ- ദേഹത്തെ)ക്കൊണ്ട് ٱللَّوَّامَةِ ആക്ഷേപക്കാരിയായ, അധികം

കുറ്റപ്പെടുത്തുന്ന ﴾3﴿ أَيَحْسَبُ ٱلْإِنسَٰنُ മനുഷ്യൻ ഭാവിക്കുന്നോ, ഗണിക്കുന്നുവോ

أَلَّن نَّجْمَعَ നാം ഒരുമിച്ചുകൂട്ടുന്നതേയല്ലെന്ന് عِظَامَهُۥ അവന്റെ അസ്ഥി (എല്ലു)കളെ

﴾4﴿ بَلَىٰ ഇല്ലാതേ, അതെ قَٰدِرِينَ കഴിവുള്ളവരായിക്കൊണ്ട് عَلَىٰٓ أَن نُّسَوِّىَ നാം ശരി

പ്പെടുത്തുവാൻ بَنَانَهُۥ അവന്റെ വിരൽതലപ്പ് (സന്ധിയെല്ല് -വിരലു)കളെ

لاأقسم (ലാ- ഉക്സിമു) എന്ന വാക്കിന് 'ഞാൻ സത്യം ചെയ്തു പറയുന്നു' എന്ന് അർത്ഥം കൽപിച്ചതിനെക്കുറിച്ച് സൂ: വാക്വിഅഃ 75 ന്റെ വ്യാഖ്യാനത്തിൽ വിവരിച്ചത് ഓർക്കുക. ഒന്നാമതായി ക്വിയാമത്ത് നാളിന്റെ പേരിലും, രണ്ടാമതായി ആക്ഷേപക്കാരിയായ ആത്മാവിന്റെ -അഥവാ മനസ്സിന്റെ- പേരിലും അല്ലാഹു സത്യം ചെയ്തുകൊണ്ട് പറയുന്നു: മനുഷ്യന്റെ മരണശേഷം, അവന്റെ അസ്ഥികളെ മുഴുവനും ഒരുമിച്ചുകൂട്ടി അവനെ നാം പുനർജീവിപ്പിക്കുന്നതാണ്. നാമത് ചെയ്കയില്ലെന്നോ, നമുക്കതിന് കഴിയുകയില്ലെന്നോ അവൻ ഭാവിക്കുന്നുണ്ടെങ്കിൽ ആ ഭാവന വിട്ടേക്കട്ടെ. തീർച്ചയായും നാമത് ചെയ്യുകതന്നെ ചെയ്യും. അവന്റെ വിരൽ തലപ്പുകൾപോലും- അഥവാ ഓരോ സന്ധിയെല്ലും- അതതിന്റെ സ്ഥാനത്തുവെച്ച് ശരിപ്പെടുത്തിക്കൊണ്ടുതന്നെ അത് ചെയ്യാൻ നമുക്ക് തികച്ചും കഴിവുണ്ട്.

മനുഷ്യമനസ്സിനെ ആക്ഷേപക്കാരി (اللوامة) അഥവാ വളരെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നത്- എന്ന് വിശേഷിപ്പിച്ചത് വളരെ അർത്ഥവത്താകുന്നു. ഒരു തെറ്റായ കാര്യം ഒരാൾ ചെയ്യുമ്പോൾ അവന്റെ മനസ്സാക്ഷി അവനെ കുറ്റപ്പെടുത്തുന്നു. അത് അരുതാത്തതാണെന്ന് അവന്റെ മനസ്സ് അവനോട് മന്ത്രിക്കാതിരിക്കുകയില്ല. ഒരു നന്മചെയ്തശേഷം പലപ്പോഴും അതിനെക്കാൾ നന്നാകുമായിരുന്ന മറ്റൊന്ന് ചെയ്യാത്തതിനെപ്പറ്റി മനസ്സിൽ ആക്ഷേപം ഉയരുന്നു എന്തിനത് ചെയ്തു, എന്തിനത് തിന്നു, എന്തിനത് പറഞ്ഞു, എന്തുകൊണ്ടിത് ചെയ്തില്ല. എന്തുകൊണ്ടിത് പറഞ്ഞില്ല എന്നിത്യാദി ആക്ഷേപങ്ങൾ പുറപ്പെടുവിക്കാത്ത മനുഷ്യമനസ്സ് ആർക്കാണുള്ളത്? യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടച്ചും ദൃഷ്ടാന്തങ്ങളെ അവഗണിച്ചും സത്യനിഷേധം നടത്തുന്നവരും, വീണ്ടുവിചാരമോ, ഉപദേശം കേൾക്കുവാനുള്ള സന്നദ്ധതയോ ഇല്ലാത്തവരും, ഭാവിയെപ്പറ്റി ചിന്തിക്കാറില്ലാത്തവരുമെല്ലാം തന്നെ ഒരിക്കൽ തങ്ങളെത്തന്നെ പഴിക്കുകയും തീരാത്ത ഖേദത്തിലായിത്തീരുകയും ചെയ്യുന്നു. സൽക്കർമങ്ങൾ കുറെയെല്ലാം ചെയ്തിരുന്നാലും പരലോകത്ത്വെച്ച് ലഭിക്കുന്ന അവർണനീയമായ സുഖസൗകര്യങ്ങൾ കാണുമ്പോൾ, അയ്യോ, കുറേക്കൂടി സൽക്കർമങ്ങൾ ഞാൻ ചെയ്തുവെച്ചിരുന്നെങ്കിൽ നന്നായേനേ എന്ന് മനുഷ്യൻ വിലപിച്ചു പോകും. ചുരുക്കത്തിൽ മനസ്സിന്റെ ആക്ഷേപത്തിന് ഒട്ടും വിധേയനാകാത്ത മനുഷ്യനെ കാണുവാൻ പ്രയാസം.

بَلْ يُرِيدُ ٱلْإِنسَـٰنُ لِيَفْجُرَ أَمَامَهُۥ ۝٥

《5》 പക്ഷെ, മനുഷ്യൻ അവന്റെ മുമ്പോട്ടു(ള്ള ജീവിതത്തിൽ) തോന്നിയവാസം ചെയ്യാൻ ഉദ്ദേശിക്കുകയാണ്.

يَسْـَٔلُ أَيَّانَ يَوْمُ ٱلْقِيَـٰمَةِ ۝٦

《6》അവൻ ചോദിക്കുന്നു; ഏതവസരത്തിലാണ് കിയാമത്ത്നാൾ എന്ന്!

فَإِذَا بَرِقَ ٱلْبَصَرُ ۝٧

《7》എന്നാൽ, കണ്ണ് (അന്ധാളിച്ച്) അഞ്ചിപ്പോയാൽ,-

وَخَسَفَ ٱلْقَمَرُ ۝٨

《8》 ചന്ദ്രൻ (പ്രകാശംപോയി) ഇരുളടയുകയും (ചെയ്താൽ),

وَجُمِعَ ٱلشَّمْسُ وَٱلْقَمَرُ ۝٩

《9》 സൂര്യനും ചന്ദ്രനും ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്താൽ),-

يَقُولُ ٱلْإِنسَـٰنُ يَوْمَئِذٍ أَيْنَ ٱلْمَفَرُّ ۝١٠

《10》 അന്നത്തെ ദിവസം മനുഷ്യൻ പറയും: എവിടെയാണ് ഓടി രക്ഷപ്പെടുന്നത്?!

كَلَّا لَا وَزَرَ ۝١١

《11》 അതില്ല! രക്ഷയേ ഇല്ല!

إِلَىٰ رَبِّكَ يَوْمَئِذٍ ٱلْمُسْتَقَرُّ ۝١٢

《12》 നിന്റെ റബ്ബിങ്കലേക്കത്രെ, അന്നത്തെ ദിവസം (ചെന്ന്) അടങ്ങുന്നത്.

《5》 بَلْ എങ്കിലും, പക്ഷേ يُرِيدُ ഉദ്ദേശിക്കുന്നു ٱلْإِنسَـٰنُ മനുഷ്യൻ لِيَفْجُرَ ദുർവൃത്തി (തോന്ന്യാസം) ചെയ്യാൻ أَمَامَهُ അവന്റെ മുമ്പോട്ട് (ഭാവിയിൽ) 《6》 يَسْـَٔلُ അവൻ ചോദിക്കുന്നു أَيَّانَ ഏതൊരവസരത്തിലാണ് يَوْمُ ٱلْقِيَـٰمَةِ കിയാമത്ത്നാൾ 《7》 فَإِذَا بَرِقَ എന്നാൽ മിന്നി (അഞ്ചി- കൂച്ചി)യാൽ, അന്ധാളിക്കുമ്പോൾ ٱلْبَصَرُ കണ്ണ്, ദൃഷ്ടി 《8》 وَخَسَفَ ഇരുളടയുക (വെളിച്ചം പോകുക)യും ٱلْقَمَرُ ചന്ദ്രൻ 《9》 وَجُمِعَ ഒരുമിച്ചു കൂട്ടപ്പെടുകയും ٱلشَّمْسُ وَٱلْقَمَرُ സൂര്യനും ചന്ദ്രനും 《10》 يَقُولُ ٱلْإِنسَـٰنُ മനുഷ്യൻ പറയും يَوْمَئِذٍ ആ ദിവസം أَيْنَ എവിടെയാണ്, എങ്ങോട്ടാണ് ٱلْمَفَرُّ ഓടി രക്ഷപ്പെടുന്ന സ്ഥാനം, ഓടിപ്പോക്ക് 《11》 كَلَّا അങ്ങനെയല്ല, അതില്ല لَا وَزَرَ രക്ഷയില്ല, അഭയസ്ഥാനമില്ല 《12》 إِلَىٰ رَبِّكَ നിന്റെ റബ്ബിങ്കലേക്കാണ് يَوْمَئِذٍ അന്നത്തെ

ദിവസം ٱلْمُسْتَقَرُّ അടക്കം, ചെന്നുകൂടൽ

അവിശ്വാസിയായ മനുഷ്യൻ അവന്റെ ഭൂതകാലം ഏതായാലും നഷ്ടപ്പെടുത്തി. എന്നാൽ, ഭാവിയും നഷ്ടപ്പെടുത്തുമാറ് തോന്ന്യാസം തുടരുവാനാണ് അവൻ തുനിയുന്നത്. മരണാനന്തരജീവിതത്തെയും അതിലെ അനുഭവങ്ങളെയും അവൻ നിഷേധിക്കുന്നു.'നിങ്ങൾ പറഞ്ഞു കേൾക്കുന്ന ഈ ഖിയാമത്ത്നാൾ എപ്പോഴാണുണ്ടാകുക?' എന്ന് അവൻ നിഷേധപൂർവ്വം പരിഹസിക്കുന്നു. എന്നാൽ അവൻ അറിഞ്ഞിരിക്കട്ടെ, അതത്ര വിദൂരമൊന്നുമല്ല. അത് എപ്പോൾ എന്നതിനെക്കാൾ ആലോചിക്കേണ്ടത് അത് എങ്ങനെയായിരിക്കും എന്നുള്ളതാണ്. അത് സംഭവിക്കുമ്പോൾ ലോകത്തിന്റെ നിലയെല്ലാം മാറിപ്പോകും. മനുഷ്യൻ അന്ധാളിച്ചു ഭയവിഹ്വലനായിത്തീരും; മിന്നലേറ്റവണ്ണം അവന്റെ കണ്ണുകൾ അഞ്ചിപ്പോകും; ചന്ദ്രന്റെ വെളിച്ചം നഷ്ടപ്പെട്ടു അത് ഇരുട്ട്മയമായിത്തീരും; സൂര്യനും ചന്ദ്രനും ഒരേ സ്ഥാനത്ത് ഒരുമിച്ചു കൂട്ടപ്പെടും. ഇങ്ങനെയുള്ള ആ ഘോരസമയം വന്നുകഴിഞ്ഞാൽ അപ്പോൾ, മനുഷ്യൻ സഹികെട്ട് രക്ഷാമാർഗത്തിന് മുറവിളികൂട്ടിക്കൊണ്ടിരിക്കും. പക്ഷേ, എവിടെ നിന്ന് രക്ഷകിട്ടുവാനാണ്? എല്ലാവരും ലോകരക്ഷിതാവിന്റെ കോടതിയിൽ സമ്മേളിക്കേണ്ട ദിവസമാണത്. ഒരാൾക്കും അതിൽനിന്ന് രക്ഷയില്ല. ആർക്കും അതിൽനിന്ന് ഒഴിവുമില്ല.

ചന്ദ്രന്റെ വെളിച്ചം പോയി ഇരുളടയുക, സൂര്യനും ചന്ദ്രനും ഒരുമിച്ചുകൂട്ടപ്പെടുക എന്നിങ്ങനെയുള്ള അത്യുഗ്രമായ സംഭവവികാസങ്ങൾ പലതും ഖിയാമത്ത്നാളിൽ സംഭവിക്കുവാനിരിക്കുന്നതായി അല്ലാഹു അറിയിക്കുന്നു. താഴെ സൂറത്തുകളിൽ കൂടുതൽ സംഭവങ്ങളെക്കുറിച്ച് കാണാവുന്നതുമാണ്. അവ ഓരോന്നിനെ സംബന്ധിച്ചും അല്ലാഹു എന്ത് പറഞ്ഞുവോ അതേപടി അത് സംഭവിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. അങ്ങനെത്തന്നെ വിശ്വസിക്കൽ കടമയുമാണ്. പക്ഷേ, അതിനെപ്പററി കൂടുതൽ വിശദീകരിച്ചു വിവരിക്കുവാൻ നമുക്ക് സാദ്ധ്യമല്ല. അല്ലാഹു പറയുന്നു:-

يُنَبَّؤُا۟ ٱلْإِنسَـٰنُ يَوْمَئِذٍۭ بِمَا قَدَّمَ وَأَخَّرَ ﴿١٣﴾

﴾13﴿ മനുഷ്യൻ മുൻചെയ്തുവെക്കുകയും, (ചെയ്യാതെ) പിന്നോക്കം വെക്കുകയും ചെയ്തിട്ടുള്ളതിനെപ്പറ്റി അന്ന് അവൻ ബോധ്യപ്പെടുത്തപ്പെടും.

بَلِ ٱلْإِنسَـٰنُ عَلَىٰ نَفْسِهِۦ بَصِيرَةٌ ﴿١٤﴾

﴾14﴿ പക്ഷേ, (അത്രയുമല്ല) മനുഷ്യൻ തനിക്ക്തന്നെ എതിരിൽ തെളിവായിരിക്കും;-

وَلَوْ أَلْقَىٰ مَعَاذِيرَهُۥ ﴿١٥﴾

﴾15﴿ അവൻ തന്റെ ഒഴികഴിവുകൾ സമർപ്പിച്ചാലും ശരി.

ٱلْإِنسَٰنُ ﴿13﴾ يُنَبَّؤُا۟ വൃത്താന്തം അറിയിക്കപ്പെടും (ബോധ്യപ്പെടുത്തപ്പെടും) മനുഷ്യൻ يَوْمَئِذٍۭ അന്നേദിവസം, അന്ന് بِمَا قَدَّمَ അവൻ മുന്തിച്ച (മുൻചെയ്ത)തിനെപ്പറ്റി وَأَخَّرَ പിന്തിക്കുകയും (പിന്നോക്കമാക്കുകയും) ചെയ്ത ﴿14﴾ بَلِ ٱلْإِنسَٰنُ പക്ഷേ മനുഷ്യൻ عَلَىٰ نَفْسِهِۦ തന്റെ പേരിൽ തന്നെ (തനിക്ക് തന്നെ എതിരിൽ) بَصِيرَةٌ തെളിവാണ്, ദൃക്സാക്ഷിയായിരിക്കും ﴿15﴾ وَلَوْ أَلْقَىٰ അവൻ ഇട്ടാലും (സമർപ്പിച്ചാലും) ശരി, കാട്ടിയാലും مَعَاذِيرَهُۥ അവന്റെ ഒഴികഴിവുകളെ

നല്ലതാവട്ടെ, ചീത്തയാവട്ടെ ഓരോരുവനും മരണത്തിനുമുമ്പ് ചെയ്തുവെച്ച സകലകർമങ്ങളെയും ചെയ്യാതെ ബാക്കിവെച്ച കർമങ്ങളെയും കുറിച്ച് സവിസ്തരം അവനെ തെര്യപ്പെടുത്തും. അവന്റെ കർമരേഖകളും വിവിധതരം സാക്ഷികളും മുഖേന അവയെല്ലാം സ്ഥാപിക്കപ്പെടുകയും ചെയ്യും. അവന് എല്ലാം ശരിക്കും ബോധ്യമാകുകയും ചെയ്യും. എന്നാലും ഒഴികഴിവുകൾ പലതും അവൻ സമർപ്പിച്ചേക്കും. പക്ഷേ, ഫലപ്പെടുകയില്ല. അവൻ സ്വയം തന്നെ തനിക്കെതിരിൽ തെളിവും സാക്ഷിയുംകൊണ്ടുവരുന്നു! അതാ, അവന്റെ കൈകാലുകളും, തൊലി തുടങ്ങിയ അവയവങ്ങളും അവൻ ചെയ്തിട്ടുള്ള തെറ്റുകുറ്റങ്ങൾ തുറന്നുപറയുന്നു! അപ്പോൾ അവന്റെ വായടഞ്ഞുപോകുന്നതാണ്. അടുത്ത വചനങ്ങളിൽ നബിﷺയെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:-

لَا تُحَرِّكْ بِهِۦ لِسَانَكَ لِتَعْجَلَ بِهِۦٓ ﴿١٦﴾

﴿16﴾ (നബിയേ) നീ അതിന് [ക്വുർആന്] ധൃതികൂട്ടുവാൻ വേണ്ടി നിന്റെ നാവിനെ അതുംകൊണ്ട് നീ ഇളക്കേണ്ട.

إِنَّ عَلَيْنَا جَمْعَهُۥ وَقُرْءَانَهُۥ ﴿١٧﴾

﴿17﴾ നിശ്ചയമായും അതിനെ (നിന്റെ മനസ്സിൽ) സമാഹരിക്കലും, അത് ഓതിത്തരലും നമ്മുടെ മേലാണ് (ബാധ്യത) ഉള്ളത്

فَإِذَا قَرَأْنَٰهُ فَٱتَّبِعْ قُرْءَانَهُۥ ﴿١٨﴾

﴿18﴾ ആകയാൽ, നാം അത് ഓതിത്തന്നാൽ നീ ആ ഓത്തു പിൻപറ്റിക്കൊള്ളുക.

ثُمَّ إِنَّ عَلَيْنَا بَيَانَهُۥ ﴿١٩﴾

﴿19﴾ പിന്നീട് അത് വിവരിച്ചുതരലും നമ്മുടെ മേലാണ് (ബാധ്യത) ഉള്ളത്.

﴿16﴾ لَا تُحَرِّكْ നീ ഇളക്ക (ചലിപ്പിക്ക- അനക്ക)രുത് بِهِ അതുംകൊണ്ട്, അതുമായി لِسَانَكَ നിന്റെ നാവ് بِهِ لِتَعْجَلَ അതിനെ നീ ധൃതിപ്പെടുവാൻവേണ്ടി ﴿17﴾

إِنَّ عَلَيْنَا നിശ്ചയമായും നമ്മുടെ മേലാണ് (ബാധ്യത) جَمْعَهُ അതിനെ ഒരുമിച്ചുകൂട്ടൽ (സമാഹരിക്കൽ) وَقُرْءَانَهُ അതിനെ ഓതിത്തരലും ﴾18﴿ فَإِذَا قَرَأْنَٰهُ അങ്ങനെ (ആകയാൽ) നാം അതിനെ ഓതിയാൽ (ഓതിത്തന്നാൽ) فَٱتَّبِعْ നീ പിൻപറ്റുക, തുടരുക قُرْءَانَهُ അതിന്റെ വായനയെ, ആ വായനയെ ﴾19﴿ ثُمَّ അനന്തരം إِنَّ عَلَيْنَا നിശ്ചയമായും നമ്മുടെ മേലാണ് (ബാധ്യത) بَيَانَهُ അതിന്റെ വിവരണം, വിവരിക്കൽ

നബി തിരുമേനിﷺക്ക് വളരെ ആശ്വാസപ്രദമായ ഒരു ഉപദേശമാണ് ഈ വചനങ്ങളിൽ അല്ലാഹു നൽകുന്നത്. സൂ: ത്വാഹാ 114 ന്റെ വ്യാഖ്യാനത്തിൽ പ്രസ്താവിച്ചതുപോലെ, ജിബ്‌രീൽ (അ) ക്വുർആന്റെ വഹ്‌യുമായി വരുമ്പോൾ, അദ്ദേഹം സ്ഥലം വിടുന്നതിന് മുമ്പ്തന്നെ അത് മനഃപാഠമാക്കുവാനും, മറന്നുപോകാതിരിക്കുവാനുംവേണ്ടി തിരുമേനി അത് ധൃതിയിൽ നാവിളക്കി ചൊല്ലിക്കൊണ്ടിരിക്കുമായിരുന്നുവെന്നും, ഇത് സംബന്ധിച്ചാണ് ഈ വചനങ്ങൾ അവതരിച്ചതെന്നും ബുഖാരിയും മുസ്‌ലിമും മറ്റും ഉദ്ധരിച്ച ഹദീഥുകളിൽ വ്യക്തമാക്കിയിരിക്കുന്നു. അങ്ങനെ സാഹസപ്പെടേണ്ടതില്ലെന്നും അത് മനസ്സിൽ സമാഹരിച്ച് ഉറപ്പിച്ചുതരലും വേണ്ടതുപോലെ പാരായണം ചെയ്തുതരലും നമ്മുടെ ബാധ്യതയാണെന്നും ഓതിത്തരുമ്പോൾ അത് ശ്രദ്ധിച്ചുകൊണ്ടിരുന്നാൽ മതിയെന്നും അല്ലാഹു നബിﷺയെ ഉണർത്തുന്നു. മാത്രമല്ല, അവതരിപ്പിച്ചുതരുന്ന ക്വുർആൻ വചനങ്ങൾക്ക് ആവശ്യമായ വിവരണവും വ്യാഖ്യാനവും നൽകലും അല്ലാഹുവിന്റെ ബാദ്ധ്യത തന്നെയാണെന്നുകൂടി ഉണർത്തിയിരിക്കുന്നു. ബുഖാരിയുടെ രിവായത്തിൽ, ഈ വചനങ്ങൾ അവതരിച്ചതിനുശേഷം, പിന്നീട് ജിബ്‌രീൽ (അ) വരുമ്പോൾ തിരുമേനി തലതാഴ്ത്തി ശ്രദ്ധാപൂർവ്വം കേൾക്കുകയും, അദ്ദേഹം പോയാൽ അല്ലാഹു വാഗ്ദത്തം ചെയ്തതുപോലെ അവിടുന്ന് അത് ഓതിക്കേൾപ്പിക്കുകയും ചെയ്തിരുന്നുവെന്നും പ്രസ്താവിച്ചിരിക്കുന്നു.

അതിനെ സമാഹരിച്ചുതരൽ നമ്മുടെ ബാധ്യതയാണ് (إن علينا جمعه) എന്ന് പറഞ്ഞതിന്റെ താൽപര്യം, അപ്പപ്പോൾ അവതരിക്കുന്ന വചനങ്ങൾ മറന്നുപോകാതിരിക്കത്തക്കവണ്ണം നബിﷺയുടെ ഹൃദയത്തിൽ അപ്പപ്പോൾതന്നെ ഉറപ്പിച്ചു പാഠമാക്കിക്കൊടുക്കുന്നു എന്നത്രെ. മുസ്ഹഫുകളിൽ ഇന്ന് ഈ കാണുന്നവിധത്തിൽ ക്വുർആന്റെ ആദ്യം മുതൽ അവസാനംവരെയുള്ള ക്രോഡീകരണമല്ല ഇതുകൊണ്ടുദ്ദേശ്യം എന്ന് വ്യക്തമാണ്. (ഈ ക്രോഡീകരണത്തെപ്പറ്റി മുഖവുരയിൽ വിവരിച്ചു പറഞ്ഞിട്ടുമുണ്ട്.) ക്വുർആൻ വിവരിക്കുന്നതിന്റെ ബാധ്യതയും അല്ലാഹുവിന്നാണ് (ثم إن علينا بيانه) എന്ന് പറഞ്ഞുവല്ലോ. ഈ വാഗ്ദാനം നിറവേറ്റപ്പെടുന്നത് പ്രധാനമായും രണ്ട് പ്രകാരത്തിലായിരിക്കും.

(1) ചില വചനങ്ങളിൽ സംക്ഷിപ്തമായോ, സൂചനയായോ, വ്യംഗ്യമായോ മറ്റോ പ്രസ്താവിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ മറ്റ് ചില വചനങ്ങൾ മുഖേന വ്യക്തമായും വിശദമായും വിവരിച്ചുകൊടുക്കുക. ക്വുർആന്റെ ചില വശങ്ങൾ

ചില വശങ്ങൾക്ക് വ്യാഖ്യാനം നൽകുന്നുവെന്ന് പറയുന്നതിന്റെ സാരം ഇതാണ്.

(2) ഖുർആൻ വചനങ്ങൾ മുഖേനയല്ലാതെ- അഥവാ വഹ്‌യിന്റെ പല ഇനങ്ങളിൽപെട്ട ഏതെങ്കിലും ഒരിനംമുഖേന- ആവശ്യമായ വിശദീകരണങ്ങൾ നൽകുക. നബി തിരുമേനിﷺയുടെ വചനങ്ങളിലൂടെയും ചര്യകളിലൂടെയും ഇത് നമുക്ക് ലഭിക്കുന്നു. തിരുമേനിയുടെ സുന്നത്തുകൾ ഖുർആന്റെ വ്യാഖ്യാനമാണെന്ന് പറയുന്നതിന്റെ ഉദ്ദേശ്യം ഇതാണ്.

ഖിയാമത്ത്നാളിനെയും, അതിനെ നിഷേധിക്കുന്നവരെയും കുറിച്ചായിരുന്നുവല്ലോ മുൻ ആയത്തുകളിലെ സംസാരം. ഇടക്കുവെച്ച് നബിﷺക്ക് ചില ഉപദേശങ്ങൾ നൽകുകയുണ്ടായി. ഒരു പക്ഷേ, ഈ സ്ഥാനത്തുവെച്ചുതന്നെ ഈ ഉപദേശം നൽകേണ്ടുന്ന പ്രത്യേക സന്ദർഭം നേരിട്ടിരുന്നുവെന്നും വരാം. അതുകൊണ്ടായിരിക്കാം ഇവിടെവെച്ചുതന്നെ അക്കാര്യം ഉണർത്തിയത്. അല്ലാഹുവിനറിയാം. ഏതായാലും അടുത്ത വചനങ്ങളിൽ മുൻ സംസാരവിഷയം തന്നെ തുടരുന്നു:-

كَلَّا بَلْ تُحِبُّونَ ٱلْعَاجِلَةَ ﴿٢٠﴾

《20》 (മനുഷ്യരേ) അങ്ങനെ വേണ്ട! പക്ഷേ, നിങ്ങൾ ക്ഷണികമായതിനെ [ഐഹികജീവിതത്തെ] ഇഷ്ടപ്പെടുന്നു;

وَتَذَرُونَ ٱلْـَٔاخِرَةَ ﴿٢١﴾

《21》 പരലോക (ജീവിത)ത്തെ നിങ്ങൾ വിട്ടേക്കുകയും ചെയ്യുന്നു!

《20》 كَلَّا അങ്ങനെയല്ല, വേണ്ട بَلْ تُحِبُّونَ. എങ്കിലും (പക്ഷേ) നിങ്ങൾ ഇഷ്ടപ്പെടുന്നു ٱلْعَاجِلَةَ ക്ഷണികമായതിനെ, വേഗം കഴിയുന്നതിനെ 《21》 وَتَذَرُونَ നിങ്ങൾ വിട്ടേക്കുകയും ചെയ്യുന്നു ٱلْـَٔاخِرَةَ പരലോകത്തെ

അതാണ് നിങ്ങൾക്ക് പിണഞ്ഞ അബദ്ധം. അതുകൊണ്ടാണ് നിങ്ങൾ എല്ലാ സത്യയാഥാർത്ഥ്യങ്ങളെയും നിഷേധിക്കുവാനും, തോന്ന്യാസങ്ങളിൽ മുഴുകുവാനും ഒരുമ്പെടുന്നത് എന്ന് താൽപര്യം. വാസ്തവത്തിൽ പരലോകജീവിതത്തിൽ വിശ്വാസമുള്ളവർപോലും ദുർമാർഗത്തിൽ പതിച്ചുപോകുവാനുള്ള പ്രധാന കാരണവും ഇത്തന്നെ. അതെ, ഐഹികജീവിതത്തോടുള്ള പ്രേമവും, പരലോകജീവിതത്തെക്കുറിച്ചുള്ള അവഗണനയും!

وُجُوهٌ يَوْمَئِذٍ نَّاضِرَةٌ ﴿٢٢﴾

《22》 ചില മുഖങ്ങൾ അന്നത്തെ ദിവസം (സന്തോഷിച്ചു) പ്രസന്നമായവയായിരിക്കും;-

إِلَىٰ رَبِّهَا نَاظِرَةٌ ﴿٢٣﴾

﴿23﴾ (അതെ) അവയുടെ റബ്ബിങ്കലേക്ക്നോക്കിക്കൊണ്ടുന്നവയായിരിക്കും.

وَوُجُوهٌ يَوْمَئِذٍ بَاسِرَةٌ ﴿٢٤﴾

﴿24﴾ (മറ്റ്) ചില മുഖങ്ങളാകട്ടെ, അന്നത്തെ ദിവസം (വിഷാദിച്ചു) ചുളുങ്ങിയവയുമായിരിക്കും;-

تَظُنُّ أَن يُفْعَلَ بِهَا فَاقِرَةٌ ﴿٢٥﴾

﴿25﴾ അവയെക്കൊണ്ട് വല്ല അത്യാപത്തും പ്രവർത്തിക്കപ്പെടുമെന്ന് അവ(ഉറപ്പായി)ധരിക്കുന്നതാണ്.

﴿22﴾ وُجُوهٌ ചില മുഖങ്ങൾ يَوْمَئِذٍ അന്ന് نَّاضِرَةٌ പ്രസന്നമായ (ഭംഗിയായ- ശോഭിക്കുന്ന)വയായിരിക്കും ﴿23﴾ إِلَىٰ رَبِّهَا അവയുടെ റബ്ബിങ്കലേക്ക് نَاظِرَةٌ നോക്കുന്നവയായിരിക്കും ﴿24﴾ وَوُجُوهٌ ചില മുഖങ്ങളാവട്ടെ يَوْمَئِذٍ അന്ന് بَاسِرَةٌ ചുളുങ്ങിയ (ചുളിഞ്ഞ- ഇറുകിയ- ഇരുണ്ട) വയായിരിക്കും ﴿25﴾ تَظُنُّ അവ ധരിക്കും (ഉറപ്പിക്കും) أَن يُفْعَلَ ചെയ്യപ്പെടു (പ്രവർത്തിക്കപ്പെടു)മെന്ന് بِهَا അവയെക്കൊണ്ട്, അവയോട് فَاقِرَةٌ വല്ല അത്യാപത്തും, നട്ടെല്ലിന് ബാധിക്കുന്ന വിപത്ത്

അതായത്, സന്തോഷാധിക്യത്താൽ സജ്ജനങ്ങളുടെ മുഖങ്ങൾ പ്രശോഭിച്ചു പ്രസന്നങ്ങളായിത്തീരുകയും അല്ലാഹുവിനെ ദർശിക്കുകയെന്ന മഹാഭാഗ്യം അവർക്ക് സിദ്ധിക്കുകയും ചെയ്യും. അതേ സമയത്ത് ദുർജ്ജനങ്ങളാകട്ടെ, തങ്ങൾക്ക് അത്യാപത്താണ് നേരിടുവാനുള്ളതെന്ന് കണ്ട് അങ്ങേഅറ്റം വിഷാദപ്പെടുകയും അവരുടെ മുഖങ്ങൾ ഇരുളടഞ്ഞു ചുളുങ്ങിപ്പോകുകയും ചെയ്യുന്നു.

സ്വർഗീയ അനുഗ്രഹങ്ങളിൽ ഏറ്റവും വമ്പിച്ച അനുഗ്രഹമാണ് അല്ലാഹുവിന്റെ തിരുസന്നിധി ദർശിക്കുവാനുള്ള ഭാഗ്യം 'മുഅ്തസിലഃ' വിഭാഗക്കാരെപ്പോലെയുള്ള ചില യുക്തിവാദക്കാർക്ക് അവരുടെ തത്വശാസ്ത്രമനുസരിച്ച് ഈ ദർശനത്തെ അംഗീകരിക്കുവാൻ സാധിക്കയില്ല. അതുകൊണ്ട് അവർ അത് സംബന്ധിച്ച രേഖകളെല്ലാം ദുർവ്യാഖ്യാനം ചെയ്യുകയോ തള്ളിക്കളയുകയോ ചെയ്തു കാണാം. പക്ഷേ, ചില ക്വുർആൻ വചനങ്ങളിൽ നിന്നും ബലപ്പെട്ട പല ഹദീഥുകളിൽനിന്നും വ്യക്തമായി അറിയപ്പെട്ടതും, സ്വഹാബികൾ, താബിഉകൾ, സമുദായത്തിലെ പണ്ഡിതൻമാർ എന്നുവേണ്ട, പൊതുവിൽ മുസ്‌ലിം സമുദായം മുഴുവനും അംഗീകരിച്ചതുമായ ഒരു യാഥാർത്ഥ്യമാണത്. അബൂസഈദ് (റ), അബൂഹുറയ്‌റഃ (റ) എന്നീ സ്വഹാബികളിൽനിന്ന് ഇമാം ബുഖാരിയും മുസ്‌ലിമും (റ) മറ്റും ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: 'ചില ആളുകൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, നാം ക്വിയാമത്ത്നാളിൽ നമ്മുടെ റബ്ബിനെ കാണുമോ?' അപ്പോൾ തിരുമേനി പറഞ്ഞു: ഒട്ടും മേഘമില്ലാത്ത അവസരത്തിൽ സൂര്യനെയും ചന്ദ്രനെയും കാണുന്നതിൽ നിങ്ങൾക്ക് വിഷമം നേരിടുമോ? അവർ പറഞ്ഞു:

ഇല്ല. തിരുമേനി പറഞ്ഞു:'അതുപോലെ, നിശ്ചയമായും നിങ്ങൾ നിങ്ങളുടെ റബ്ബിനെ വഴിയെ കാണുന്നതാണ്.'

നബിﷺ അരുളിച്ചെയ്തതായി സ്വുഹൈബ് (റ) പ്രസ്താവിക്കുന്ന ഒരു ഹദീഥിന്റെ സാരം ഇപ്രകാരമാണ്: 'സ്വർഗക്കാർ സ്വർഗത്തിൽ പ്രവേശിച്ചാൽ, നിങ്ങൾക്ക് ഞാൻ വല്ലതും കൂടുതലായി നൽകേണ്ടതുണ്ടോ' എന്ന് അല്ലാഹു അവരോട് ചോദിക്കും. അവർ മറുപടി പറയും: നീ ഞങ്ങളുടെ മുഖം വെള്ളയാക്കി (ഞങ്ങൾക്ക് സന്തോഷം നൽകി)ത്തരുകയും ഞങ്ങളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും, ഞങ്ങളെ നരകത്തിൽനിന്ന് രക്ഷപ്പെടുത്തുകയും ചെയ്തുതന്നില്ലേ? (എനി എന്താണ് ഞങ്ങൾക്കുവേണ്ടത്?!) അപ്പോൾ മറ ഉയർത്തപ്പെടും. എന്നിട്ട് അവർ അല്ലാഹുവിന്റെ തിരുമുഖം നോക്കിക്കാണും. അപ്പോൾ അവർക്ക് തങ്ങളുടെ റബ്ബിനെ നോക്കിക്കാണുന്നതിനെക്കാൾ ഇഷ്ടപ്പെട്ടതായി മറ്റൊന്നുംതന്നെ ഉണ്ടായിരിക്കയില്ല. പിന്നീട് തിരുമേനി– للذين أحسنوا الحسنى وزيادة يونس (നന്മ പ്രവർത്തിച്ചവർക്ക് ഏറ്റവും നല്ല പ്രതിഫലമുണ്ട്; കൂടുതലുമുണ്ട്.) എന്ന ക്വുർആൻ വചനം ഓതുകയും ചെയ്തു. (മുസ്‌ലിം.) 'ഏറ്റവും നല്ല പ്രതിഫലം' എന്ന് പറഞ്ഞത് സ്വർഗവും, 'കൂടുതൽ' എന്ന് പറഞ്ഞത് തിരുമുഖദർശനവും ആകുന്നുവെന്നാണ് തിരുമേനി ഇത് മുഖേന ചൂണ്ടിക്കാട്ടിയത്. 'അപ്പോൾ മറ ഉയർത്തപ്പെടും' എന്നുള്ള ഹദീഥിലെ വാക്യം ശ്രദ്ധേയമാണ്. അല്ലാഹുവിന്റെ തിരുമുഖം സൃഷ്ടികൾക്ക് കാണുവാൻ സാധിക്കാതിരിക്കുമാറുള്ള എന്തോ ഒരു മറ– ആ മറ എന്താണെന്ന് അല്ലാഹുവിനറിയാം– ഉണ്ടെന്നും, ആ മറ ആരിൽനിന്ന് നീക്കപ്പെടുന്നുവോ ആ ഭാഗ്യവാൻമാർക്കേ അതിന് സാധിക്കുകയുള്ളുവെന്നും ഇതിൽനിന്ന് മനസ്സിലാക്കാം. ഈ വസ്തുത അല്ലാഹുവിന്റെ വചനത്തിൽനിന്ന് തന്നെ മനസ്സിലാക്കാവുന്നതാണ്. സൂറത്തുൽ മുത്വഫ്ഫിഫീനിൽ നരകക്കാരായ മഹാപാപികളെപ്പറ്റി അല്ലാഹു പറയുന്നു; كلا انهم عن ربهم يومئذ لمحجوبون – المطففين (അങ്ങനെയെല്ലാ, നിശ്ചയമായും അന്നത്തെ ദിവസം അവർ തങ്ങളുടെ റബ്ബിൽനിന്നും മറയിടപ്പെടുന്നവരാണ്.) ഇമാം ശാഫഈ (റ) ചൂണ്ടിക്കാണിച്ചതുപോലെ, അല്ലാഹുവിനെ ദർശിക്കുന്നതിൽനിന്ന് സജ്ജനങ്ങൾ മറയിടപ്പെടുന്നതല്ല. അതുകൊണ്ടാണല്ലോ അവിശ്വാസികൾ മറയിടപ്പെടുന്നവരാണെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നത്.

كَلَّآ إِذَا بَلَغَتِ ٱلتَّرَاقِيَ ﴿٢٦﴾

﴾26﴿ വേണ്ട! അത് [പ്രാണൻ] തോളെല്ലിനുകൾ [തൊണ്ടക്കുഴിയിൽ] എത്തിയാൽ,-

وَقِيلَ مَنْۜ رَاقٍ ﴿٢٧﴾

﴾27﴿ ആരുണ്ട് മന്ത്രം നടത്തുന്നവൻ എന്ന് പറയപ്പെടുകയും,-

وَظَنَّ أَنَّهُ ٱلْفِرَاقُ ﴿٢٨﴾

﴿28﴾ അവൻ [മരണം ആസന്ന മായവൻ] അത് തന്റെ വേർപാടാ ണെന്ന് (ഉറപ്പായി) ധരിക്കുകയും,-

وَٱلْتَفَّتِ ٱلسَّاقُ بِٱلسَّاقِ ﴿٢٩﴾

﴿29﴾ കണങ്കാൽ കണങ്കാലോട് കൂടിപ്പിണയുകയും (ചെയ്താൽ)!-

إِلَىٰ رَبِّكَ يَوْمَئِذٍ ٱلْمَسَاقُ ﴿٣٠﴾

﴿30﴾ അന്ന് നിന്റെ റബ്ബിങ്കലേക്കാ യിരിക്കും (അവനെ) കൊണ്ടുപോ കുന്നത്.

﴿26﴾ كَلَّآ വേണ്ട, അങ്ങനെയല്ല إِذَا بَلَغَتِ അത് എത്തിയാൽ ٱلتَّرَاقِىَ തോളെല്ലി
ങ്കൽ, വളയനെല്ലുകളിൽ ﴿27﴾ وَقِيلَ പറയപ്പെടുകയും مَنْ ആരുണ്ട്, ആരാണ്, رَاقٍ
മന്ത്രം നടത്തുന്നവൻ, വൈദ്യക്കാരൻ ﴿28﴾ وَظَنَّ അവൻ ധരിക്കുക (ഉറപ്പിക്കു
ക)യും أَنَّهُ ٱلْفِرَاقُ അത് വേർപാടാണെന്ന് ﴿29﴾ وَٱلْتَفَّتِ കൂടിപ്പിണയുകയും, പറ്റി
ച്ചേരുകയും ٱلسَّاقُ കണങ്കാൽ بِٱلسَّاقِ കണങ്കാലോട് ﴿30﴾ إِلَىٰ رَبِّكَ നിന്റെ റബ്ബിങ്ക
ലേക്കാണ് يَوْمَئِذٍ അന്ന് ٱلْمَسَاقُ തെളിക്കൽ (കൊണ്ടുപോകൽ)

ഈ രംഗം അധികമൊന്നും വിവരിക്കേണ്ട ആവശ്യമില്ല. അല്പമൊന്ന് ആലോചിക്കുന്ന എവനും അതിന്റെ ഗൗരവം ഏറെക്കുറെ ഊഹിക്കാവുന്നതാണ്. ഏതൊരുവനും നിസ്സഹായകനായി മുട്ടുകുത്തുന്ന രംഗമത്രെ അത്. അതെ, ഈ ലോകവുമായി എന്നെന്നേക്കും വിടവാങ്ങുകയും, വിഭാവനകൾക്കതീതമായ പരലോകജീവിതവുമായി കണ്ടുമുട്ടുകയും ചെയ്യുന്ന രംഗം!

വിഭാഗം- 2

فَلَا صَدَّقَ وَلَا صَلَّىٰ ﴿٣١﴾

﴿31﴾ എന്നാൽ, അവൻ (വിശ്വസിച്ച്) സത്യമാക്കിയിട്ടില്ല, നമസ്കരിച്ചിട്ടുമില്ല;-

وَلَٰكِن كَذَّبَ وَتَوَلَّىٰ ﴿٣٢﴾

﴿32﴾ പക്ഷേ, വ്യാജമാ(ക്കി നിഷേധി)ക്കുകയും, പിൻതിരിയുകയും ചെയ്തിരിക്കുന്നു!

ثُمَّ ذَهَبَ إِلَىٰٓ أَهْلِهِۦ يَتَمَطَّىٰٓ ﴿٣٣﴾

﴿33﴾ പിന്നെ (അതിനും പുറമെ) അവൻ തന്റെ സ്വന്തക്കാരിലേക്ക് ദുരഭിമാനം നടിച്ചുകൊണ്ടുപോകുകയും ചെയ്തിരിക്കുന്നു.

أَوْلَىٰ لَكَ فَأَوْلَىٰ ﴿٣٤﴾

﴾34﴿ (ഹേ, മനുഷ്യാ) നിനക്ക് ഏറ്റവും വേണ്ടപ്പെട്ടത് തന്നെ, വേണ്ടപ്പെട്ടത്തന്നെ! [നിനക്ക് യോജിച്ച ശിക്ഷതന്നെ]

ثُمَّ أَوْلَىٰ لَكَ فَأَوْلَىٰ ﴿٣٥﴾

﴾35﴿ പിന്നെ (വീണ്ടും) നിനക്ക് ഏറ്റവും വേണ്ടപ്പെട്ടത് തന്നെ, വേണ്ടപ്പെട്ടത്തന്നെ! [നിനക്ക് യോജിച്ച ശിക്ഷതന്നെ]

﴾31﴿ فَلَا صَدَّقَ എന്നാൽ അവൻ സത്യമാക്കിയിട്ടില്ല (വിശ്വസിച്ചിട്ടില്ല) وَلَا صَلَّىٰ നമസ്കരിച്ചിട്ടുമില്ല ﴾32﴿ وَلَٰكِن പക്ഷേ, എങ്കിലും, എന്നാൽ كَذَّبَ അവൻ വ്യാജമാക്കിയിരിക്കുന്നു وَتَوَلَّىٰ പിൻതിരിയുക (തിരിഞ്ഞുപോകുക)യും ചെയ്തിരിക്കുന്നു ﴾33﴿ ثُمَّ ذَهَبَ പിന്നെ അവൻ പോകുകയും ചെയ്തു إِلَىٰٓ أَهْلِهِۦ തന്റെ സ്വന്തം (ആൾ)ക്കാരിലേക്ക് يَتَمَطَّىٰٓ ദുരഭിമാനം നടിച്ചുകൊണ്ട്, അഹങ്കരിച്ചുകൊണ്ട് ﴾34﴿ أَوْلَىٰ ഏറ്റവും യോജിച്ചത്, വേണ്ടപ്പെട്ടത് (വലിയ നാശം) لَكَ നിനക്ക് فَأَوْلَىٰ ഏറ്റവും യോജിച്ചത് ﴾35﴿ ثُمَّ പിന്നെയും أَوْلَىٰ لَكَ നിനക്ക് ഏറ്റവും യോജിച്ചത് فَأَوْلَىٰٓ ഏറ്റവും യോജിച്ചത്

മരണപ്പെട്ടുനോക്കുമ്പോൾ അവന് രക്ഷക്ക്‌വേണ്ടുന്ന യാതൊന്നും അവന്റെ കൂടെയില്ല. സത്യമെന്ന് വിശ്വസിക്കേണ്ടതൊന്നും അവൻ വിശ്വസിച്ചിട്ടില്ല. മനുഷ്യന്റെ പ്രധാന കടമയായ നമസ്കാരകർമവും അവൻ നിർവഹിച്ചിട്ടില്ല. നേരെമറിച്ച് സത്യയാഥാർത്ഥ്യങ്ങളെ വ്യാജമാക്കി നിഷേധിക്കുകയും, ഉപദേശങ്ങളും കൽപനകളും അനുസരിക്കാതെ പിൻതിരിഞ്ഞുകളയുകയുമാണവൻ ചെയ്തിരിക്കുന്നത്. മാത്രമോ? ഇതിനെല്ലാം പുറമെ സത്യത്തിനെതിരിൽ താൻ സ്വീകരിച്ചുവന്ന ധിക്കാരപ്രവർത്തനങ്ങളിൽ അഹങ്കരിച്ചുകൊണ്ടും ദുരഭിമാനം നടിച്ചുകൊണ്ടും അവൻ തന്റെ ആൾക്കാരുടെ അടുക്കൽ ചെല്ലുകയും ചെയ്തിരിക്കുന്നു. ഇത്രയും കടുത്ത ധിക്കാരിയണവൻ. എടോ! നിനക്ക് കിട്ടേണ്ടുന്നത് -അതെ തികച്ചും നിനക്ക് യോജിച്ച ശിക്ഷ- തന്നെയാണ് നിനക്കുള്ളത് എന്ന് അല്ലാഹു അവനെ താക്കീത് ചെയ്യുകയാണ്. ആവർത്തിച്ചാവർത്തിച്ചുകൊണ്ടുള്ള ഈ താക്കീത് അല്ലാഹുവിന് അവനോടുള്ള കോപത്തിന്റെ കാഠിന്യത്തെയാണ്. കാണിക്കുന്നത്.

അക്രമകാരികളായ ആളുകൾക്ക് വല്ല നാശവും സംഭവിക്കുമ്പോൾ 'നിനക്ക് കിട്ടേണ്ടതുകിട്ടി' എന്നും, 'നിനക്ക് യോജിച്ചതുതന്നെയാണത്.' എന്നുമൊക്കെ പറയാറുണ്ടല്ലോ. അതുപോലെയുള്ള ഒരു പ്രയോഗമാണ് 34, 35 വചനങ്ങളിൽ (أولى لك എന്ന്) ആവർത്തിച്ചുപറഞ്ഞിരിക്കുന്നത്. 31, 32 വചനങ്ങളിൽ

ചൂണ്ടിക്കാട്ടിയതുപോലെയുള്ള പാപങ്ങൾ ചെയ്തുകൊണ്ടിരുന്ന നിനക്ക് വളരെ ചേർന്നതത്തന്നെയാണ്. (35 -ാം വചനത്തിൽ പ്രസ്താവിച്ച) ആ അഹങ്കാരവും ദുരഭിമാനവും എന്നിങ്ങനെയും ആ വാക്കുകൾ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. അതായത്, ഇത്രയും ധിക്കാരത്തിന് മുതിർന്ന നീ നിന്റെ ആ പ്രവർത്തനങ്ങളിൽ അഹങ്കാരം കൊള്ളുന്നതും നിനക്ക് യോജിച്ചതുതന്നെ, അതിൽ ആശ്ചര്യമില്ല എന്ന് സാരം. രണ്ടായാലും അല്ലാഹുവിന് അവനോടുള്ള കോപവും അമർഷവുമാണത് കാണിക്കുന്നത് എന്ന് വ്യക്തം. അല്ലാഹുവിന്റെ കോപത്തിനും ക്രോധത്തിനും പാത്രമാകാതെ നമ്മെയെല്ലാം അവൻ കാത്തുരക്ഷിക്കട്ടെ. ആമീൻ. അല്ലാഹു പറയുന്നു:-

أَيَحْسَبُ ٱلْإِنسَـٰنُ أَن يُتْرَكَ سُدًى ﴿٣٦﴾

﴾36﴿ മനുഷ്യൻ വിചാരിക്കുന്നുവോ, അവൻ വെറുതെയങ്ങ് ഉപേക്ഷിക്കപ്പെടുമെന്ന്?!

أَلَمْ يَكُ نُطْفَةً مِّن مَّنِىٍّ يُمْنَىٰ ﴿٣٧﴾

﴾37﴿ അവൻ (ഗർഭാശയത്തിൽ) സ്രവിക്കപ്പെടുന്ന ഇന്ദ്രിയത്തിൽനിന്നുമുള്ള ഒരു തുള്ളിയായിരുന്നില്ലേ?!-

ثُمَّ كَانَ عَلَقَةً فَخَلَقَ فَسَوَّىٰ ﴿٣٨﴾

﴾38﴿ പിന്നീടവൻ ഒരു രക്തപിണ്ഡമായി; എന്നിട്ട് (അവനെ) അവൻ [അല്ലാഹു] സൃഷ്ടിച്ചു ശരിപ്പെടുത്തി;-

فَجَعَلَ مِنْهُ ٱلزَّوْجَيْنِ ٱلذَّكَرَ وَٱلْأُنثَىٰٓ ﴿٣٩﴾

﴾39﴿ അങ്ങനെ, അതിൽനിന്ന് ആണും പെണ്ണുമാകുന്ന രണ്ട് ഇണകളെ അവൻ ഉണ്ടാക്കി.

أَلَيْسَ ذَٰلِكَ بِقَـٰدِرٍ عَلَىٰٓ أَن يُحْـِۧىَ ٱلْمَوْتَىٰ ﴿٤٠﴾

﴾40﴿ (അങ്ങനെയുള്ള) അവൻ മരണപ്പെട്ടവരെ ജീവിപ്പിക്കുവാൻ കഴിവുള്ളവനല്ലേ?!

﴾36﴿ أَيَحْسَبُ ഗണിക്കു(വിചാരിക്കു)ന്നുവോ ٱلْإِنسَـٰنُ മനുഷ്യൻ أَن يُتْرَكَ അവൻ ഉപേക്ഷിക്ക(വിട)പ്പെടുമെന്ന് سُدًى വെറുതെ ﴾37﴿ أَلَمْ يَكُ അവനായിരുന്നില്ലേ نُطْفَةً ഒരു തുള്ളി, ബിന്ദു مِّن مَّنِىٍّ ഇന്ദ്രിയ (ശുക്ല)ത്തിൽനിന്നുള്ള يُمْنَىٰ ഒഴുക്ക (സ്രവിക്ക)പ്പെടുന്ന, ഒലിക്കുന്ന ﴾38﴿ ثُمَّ كَانَ പിന്നെ അവനായി, ആയിരുന്നു عَلَقَةً

ഒരു രക്തപിണ്ഡം, ചോരക്കട്ട فَخَلَقَ എന്നിട്ട് അവൻ സൃഷ്ടിച്ചു فَسَوَّىٰ അങ്ങനെ ശരിപ്പെടുത്തി, ചൊവ്വാക്കി ﴾39﴿ فَجَعَلَ مِنْهُ എന്നിട്ട് അവനിൽ (അതിൽ) നിന്ന് ഉണ്ടാക്കി ٱلزَّوْجَيْنِ രണ്ട് ഇണകളെ ٱلذَّكَرَ അതായത് ആണ് وَٱلْأُنثَىٰٓ പെണ്ണ് ﴾40﴿ أَلَيْسَ ذَٰلِكَ ആ അവനല്ലേ بِقَـٰدِرٍ കഴിവുള്ളവൻ عَلَىٰٓ أَن يُحْـِۧىَ അവൻ ജീവിപ്പിക്കുവാൻ ٱلْمَوْتَىٰ മരണപ്പെട്ടവരെ

അതെ, നിശ്ചയമായും അവൻ അതിന് കഴിവുള്ളവൻ തന്നെ! ശൂന്യാവസ്ഥയിലായിരുന്ന മനുഷ്യജീവിയെ കേവലം നിസ്സാരവും നിർജ്ജീവവുമായ ഒരു വസ്തുവിൽനിന്ന് ഉത്ഭവിപ്പിച്ച് പല ഘട്ടങ്ങളെയും തരണം ചെയ്യിച്ച് ഈ നിലക്ക് എത്തിച്ച ആ മഹാശക്തിക്ക് അവന്റെ മരണശേഷം അവനെ വീണ്ടും ഒന്ന് ജീവിപ്പിക്കുവാൻ കഴിയുമോ എന്ന് വിശേഷബുദ്ധിയുള്ള ആരെങ്കിലും സംശയിക്കുവാൻ അവകാശമുണ്ടോ?!

ഈ ഒടുവിലത്തെ വചനം ഓതിക്കഴിഞ്ഞാൽ سبحانك (നീ മഹാപരിശുദ്ധൻ!) എന്നും بلى (ഇല്ലാതേ! നിശ്ചയമായും കഴിയും) എന്ന് നബിﷺ പറഞ്ഞിരുന്നതായി ഹദീഥിൽ വന്നിട്ടുണ്ട്. ഹദീഥ് സൂ: മുർസലാത്തിന്റെ അവസാനത്തിൽ കാണാം. (ഇ. അ.) അതുപോലെ നാമും പറയുന്നത് ആവശ്യമാണ്. ഈ വചനങ്ങൾ മനഃപൂർവ്വം അർത്ഥം ആലോചിച്ചുകൊണ്ട് ഓതുന്നവൻ താനറിയാതെ ത്തന്നെ അപ്രകാരം പറഞ്ഞേക്കുകതന്നെ ചെയ്യും.

[اللهم لك الحمد ولك المنة والفضل]